**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1606** **08-12-2022 - ൽ മറുപടിയ്ക്ക്**

**ഭൂപരിഷ്കരണ നിയമപ്രകാരം പട്ടയം നൽകിയ ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഐ .സി .ബാലകൃഷ്ണൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഭൂപരിഷ്കരണ നിയമപ്രകാരം പട്ടയം നൽകപ്പെട്ട കുടിയാന്മരുടെ ഭൂമി ജന്മിമാർ തിരിച്ചുപിടിക്കുന്ന സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഇക്കാര്യത്തിൽ എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചുവെന്നുമുള്ള വിശദവിവരങ്ങൾ അറിയിക്കുമോ; | (എ) | ഒരു കേസ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ പീച്ചി വില്ലേജിൽ പട്ടാണി ഷേയ്ക്ക് ഹുസൈൻ റാവുത്തർ എന്നയാളിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന സ്ഥലത്തിന് ക്രയസർട്ടിഫിക്കറ്റ് നൽകുകയും തുടർന്ന് കൈമാറ്റത്തിലൂടെ നിരവധി ആളുകളുടെ കൈവശത്തിലാവുകയും ചെയ്തിട്ടുണ്ട്. ക്രയസർട്ടിഫിക്കറ്റ് നൽകിയ ലാൻഡ് ട്രൈബ്യൂണലിന്റെ ഉത്തരവിനെതിരെ ഭൂഉടമ അപ്പലേറ്റ് അതോറിറ്റിയിലും സിവിൽ കോടതിയിലും, ബഹു.ഹൈക്കോടതിയിലും, ബഹു. സുപ്രീം കോടതിയിലും കേസുകൾ നൽകിയിട്ടുണ്ട്. ബഹു സുപ്രീം കോടതി ക്രയ സർട്ടിഫിക്കറ്റ് റദ്ദാക്കിക്കൊണ്ടുള്ള കീഴ് കോടതി വിധി ശരിവച്ചിരിക്കുകയാണ്. |
| (ബി) | ഇത് സംബന്ധിച്ച് നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ബി) | ലാൻഡ് ട്രൈബ്യൂണലുകൾ നൽകുന്ന പട്ടയങ്ങൾ ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച് Conclusive Proof ആണെന്ന് 1963ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ സെക്ഷൻ 72 (K) (2)യിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പട്ടയം ലഭിച്ച് കുടിയൊഴിപ്പിക്ക പ്പെട്ടാൽ സിവിൽ കോടതിയിൽ നിന്നും പരിഹാരം തേടാവുന്നതാണ്. അതിനാൽ പുതിയ നിയമം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ